## ലേബർ കമ്മീഷണറുടെ നടപടിക്രമം
## (ഹാജർ – റ്റി.വി. അനുപമ, ഐ എ എസ്)

| | |
|---|---|
| **വിഷയം** | തൊഴിൽ വകുപ്പ് – സ്ഥാപനകാര്യം – കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ആഫീസ് അറ്റൻഡന്റ് ശ്രീമതി. നിമ്മി എ.കെ -യുടെ അനധികൃത ഹാജരില്ലായ്മ – സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| **പരാമർശം** | 1. കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ 03.01.2018 തീയതിയിലെ എ(2) 177/17 നമ്പർ കത്ത്.<br>2. 09.04.2018 ലെ എ.ഡി.എം.(3)/5380/2018 നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.<br>3. കൊല്ലം. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ 18.03.2021 -ലെ ഇ1/428/2020 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.<br>4. 13.09.2021, 15/11/2021 തീയതികളിലെ കാരണം കാണിക്കൽ നോട്ടീസ്. |

==========================================================================

**ഉത്തരവ് നമ്പർ – LC0/3905/2022/E(3) തിരുവനന്തപുരം. തീയതി – 25/05/2022**

==========================================================================

കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ആഫീസ് അറ്റൻഡന്റായ ശ്രീമതി. നിമ്മി എ.കെ-യ്ക്ക് ഇന്ത്യയ്ക്കകത്ത് മെച്ചപ്പെട്ട ജോലി നേടുന്നതിന് 13/03/2007 തീയതിയിലെ ജി.ഒ.(ആർ.റ്റി) നം. 701/2007/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുകയും, തുടർന്ന് ടിയാരിയുടെ അപേക്ഷയുടെയും, പരാമർശം (1) പ്രകാരമുള്ള കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ 10/04/2012 മുതൽ 5 വർഷത്തേയ്ക്കു കൂടി 17.10.2012 ലെ ജി.ഒ.(ആർ.റ്റി) നം. 1648/2012/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശൂന്യവേതന അവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ 10.04.2017 ന് ജോലിയിൽ തിരികെ പ്രവേശിക്കേണ്ടിയിരുന്ന ടിയാൾ യഥാസമയം ജോലിയ്ക്ക് ഹാജരാകാതെയും, യഥാസമയം അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകാതെയും ശൂന്യവേതനാവധിയിൽ തുടരുകയും ചെയ്തു. തുടർന്ന് 10/04/2017 മുതൽ 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതന അവധി ദീർഘിപ്പിക്കുന്നതിന് 16/01/2018 തീയതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശൂന്യവേതനാവധി അവസാനിച്ചതിനെ തുടർന്ന് 10/04/2017 തീയതിയിൽ ജോലിയിൽ പ്രവേശിക്കുകയോ, അവധി ദീർഘിപ്പിക്കുന്നതിന് യഥാസമയം അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ 01.03.2018 തീയതിയിലെ ഇ8/457/18 നമ്പർ കത്ത് പ്രകാരം ടിയാളുടെ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ലേബർ കമ്മീഷണർ നിരസിക്കുകയുണ്ടായി.

തുടർന്ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുള്ള ടിയാളുടെ അനധികൃത ഹാജരില്ലായ്മയുടെ വെളിച്ചത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾക്ക് വിധേയമായി, പരാമർശം (2) പ്രകാരം കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു. എന്നാൽ ടിയാൾ ആയതിന് വിശദീകരണം ലഭ്യമാക്കിയിരുന്നില്ല. ടിയാൾക്കെതിരെ ഉന്നയിച്ചിരുന്നതായ ആക്ഷേപങ്ങളിൽ ഔപചാരിക അന്വേഷണം നടത്തുന്നതിലേയ്ക്ക് കൊല്ലം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ചിരുന്നതും അന്വേഷണ ഉദ്യോഗസ്ഥന്റെ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിൽ ടിയാൾക്കെതിരെ ഉന്നയിച്ചിരുന്നതായ ആക്ഷേപങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടതും ആയത് ടിയാരിയുടെ ഭാഗത്ത് നിന്ന് സംഭവിച്ച മനപൂർവ്വമായ വീഴ്ചയും അച്ചടക്ക ലംഘനവുമാണെന്ന് കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടിയാരിയുടെ ടി നടപടി 1960-ലെ കേരള സിവിൽ

സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15-ലെ വ്യവസ്ഥകൾ പ്രകാരമുള്ള കടുത്ത ശിക്ഷയ്ക്ക് വിധേയമാണ്.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ഈ വകുപ്പിൽ കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ ആഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീമതി.നിമ്മി.എ.കെ-യുടെ അനധികൃതമായ ഹാജരില്ലായ്മയുടെ വെളിച്ചത്തിൽ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്ന കുറ്റപത്രത്തിലും കുറ്റാരോപണ പത്രികയിലും ഉന്നയിച്ചിരുന്നതായ ആക്ഷേപങ്ങൾ സംശയാതീതമായി തെളിഞ്ഞ സാഹചര്യത്തിലും ടി വിഷയത്തിൽ നിയോഗിക്കപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിലും ടിയാൾക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15-ലെ വ്യവസ്ഥകൾ പ്രകാരം കൈക്കൊണ്ടിരുന്ന വകുപ്പുതല അച്ചടക്ക നടപടികൾ ടി ചട്ടങ്ങളിലെ ചട്ടം 11 (I) (Vii)-ൽ വ്യവസ്ഥ ചെയ്യുന്നതായ തരത്തിൽ ടിയാളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുവാൻ താൽകാലികമായി തീരുമാനം കൈക്കൊള്ളുകയും ടി താൽകാലിക തീരുമാനം ടി ചട്ടങ്ങളിലെ ചട്ടം 15(12)-ൽ നിഷ്കർഷിക്കുന്ന വിധത്തിൻപ്രകാരം പരാമർശം (4) പ്രകാരം ടിയാളെ അറിയിച്ചിരുന്നതും എന്നാൽ ടി നോട്ടീസ് ടിയാൾ കൈപ്പറ്റിയിട്ടും ആയതിനും ടിയാൾ വിശദീകരണമോ മറുപടിയോ ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്.

മുകളിൽ പറയുന്നതായ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ ആഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീമതി.നിമ്മി.എ.കെ-യ്ക്കെതിരെ പരാമർശം (2) പ്രകാരം കൈക്കൊണ്ടിരുന്നതായ വകുപ്പുതല അച്ചടക്ക നടപടികളിൽ പരാമർശം (4) പ്രകാരം കൈക്കൊണ്ട താൽകാലിക തീരുമാനം സ്ഥിരപ്പെടുത്തി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (I) (Vii) വ്യവസ്ഥചെയ്യും പ്രകാരം ടിയാളെ ഈ വകുപ്പിലെ ടി തസ്തികയിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

**സ്വീകർത്താവ്**

**ശ്രീ. നിമ്മി. എ. കെ**
**ചിറയിൽ**
**വേല്ലൂർ. പി.ഒ, കോട്ടയം.**
**ഓഫീസ് അറ്റൻഡന്റ്**
**ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയം**
**കോട്ടയം**

**കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുഖാന്തിരം**

**പകർപ്പ്**

1. **പി.എ. ടു ലേബർ കമ്മീഷണർ**
2. **സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
3. **റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം**
3. **ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോട്ടയം**
5. **ഐ.റ്റി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)**
4. **ഫയൽ/സ്റ്റോക്ക് ഫയൽ**

**ഉത്തരവിൻ പ്രകാരം**

S.M. SUNIL KUMAR (PEN: 382575)
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
Senior Administrative Officer
Labour Commissionerate
Thozhil Bhavan, Vikas Bhavan P.O.
Thiruvananthapuram-695033
Tel: (0471) 2783904,Mob:9847172518